**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1203** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കേര, കാർബൺ ന്യൂട്രൽ കൃഷി, ജൈവകാർഷിക മിഷൻ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കാരായി രാജൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ കാർഷിക മേഖലയെ സജ്ജമാക്കുന്നതിനായി ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് ആരംഭിച്ച 'കേര' (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡെർനൈസേഷൻ) പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ;.

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വാണിജ്യവത്ക്കരണവും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമിട്ടുകൊണ്ട് ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള Kerala Climate Resilient Agri Value Chain Modernisation (KERA) പദ്ധതിക്ക് 11.01.2024 ലെ G.O.(Ms)No. 09/2024/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അഞ്ച് വർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. ആയതിൽ 200 ദശലക്ഷം ഡോളർ (70%) ലോകബാങ്ക് വിഹിതവും 85 ദശലക്ഷം ഡോളർ (30%) സംസ്ഥാന വിഹിതവുമാണ്. പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

| **ഘടകം** | **വിഹിതം (ലക്ഷം രൂപയിൽ)** |
|---|---|
| 1. കൃഷിയിലെ കാലാവസ്ഥ പ്രതിരോധവും ലഘൂകരണവും | 79043.9 |
| 2. മൂല്യവർധനക്കായി ചെറുകിട ഉടമകളുടെ വാണിജ്യവത്ക്കരണം വർധിപ്പിക്കുക | 89913.6 |
| 3. അഗ്രി ബിസിനസും ഭക്ഷണ സമ്പ്രദായവും | 50889.8 |
| 4. പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് | 16702.7 |
| 5. കണ്ടിജന്റ് എമർജൻസി റെസ്പോൺസ് ഘടകവും (സി.ഇ.ആർ.സി) കാലാവസ്ഥ ധനസഹായവും | 0 |

| | |
|---|---|
| **ആകെ** | **236550** |

ശാസ്ത്രീയവും കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ കൃഷിരീതികൾ അവലംബിക്കുന്നതിനും, കാർഷിക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, കാർഷികമേഖലയിലെ വിതരണ ശൃംഖലകളെ ശക്തിപ്പെടുത്തുന്നതിനും, കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഊർജ്ജിതപ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്.

കാർഷികമൂല്യ ശൃംഖലകളിൽ ഭാഗഭാക്കാകുന്ന ചില്ലറ വ്യാപാരികൾ, അഗ്രിഗേറ്റർമാർ, മൊത്തവ്യാപാരികൾ, കച്ചവടക്കാർ എന്നിവരെ എഫ്.പി.ഒ/എഫ്.പി. സി.-കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവയുമായി സംയോജിപ്പിച്ച് സുസ്ഥിരമായ വിള അധിഷ്ഠിത ഉത്പാദന സഖ്യങ്ങൾ രൂപീകരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

കാലാവസ്ഥാ പ്രതിരോധ കാർഷിക മൂല്യവർദ്ധന ശൃംഖലയെ (Climate Resilient Agri-Value Chain) ശക്തിപ്പെടുത്തി, കൃഷിയുമായി ബന്ധപ്പെട്ട പ്രോസസ്സിംഗ് യൂണിറ്റുകൾ, ഫുഡ് പാർക്കുകൾ, അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾ, MSME-കൾ എന്നിവയ്ക്ക് കൂടുതൽ സാധ്യതകൾ സൃഷ്ടിക്കാൻ പദ്ധതിയിലൂടെ സാധ്യമാകുന്നു. പുതിയ സാങ്കേതികവിദ്യകളും ഗവേഷണവും സമന്വയിപ്പിച്ച് കർഷകരുടെയും ചെറുകിട സംരംഭകരുടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ വ്യവസായവത്ക്കരണത്തിനും പദ്ധതി ലക്ഷ്യമിടുന്നു.

മികച്ച സാങ്കേതികവിദ്യയും നവീന കൃഷിരീതികളും പദ്ധതിയിലൂടെ വികസിപ്പിച്ച് കർഷകർക്ക് കൈമാറുന്നത് വഴി കൃഷിയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക കർഷക ഉൽപ്പാദക സംഘടനകൾ (FPOs) വഴി കൃഷിയുടെ വാണിജ്യവത്ക്കരണം ഊർജിതമാക്കി, അവർക്കു വിപണിയിൽ മികച്ച വില ലഭ്യമാക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുക എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ കൃഷിരീതികൾ നടപ്പിലാക്കുന്നതിലൂടെ നഷ്ടം കുറയ്ക്കാനും വരുമാന സ്ഥിരത ഉറപ്പാക്കാനും സാധിക്കും. കർഷകർക്ക് കൃഷി അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾക്കും സാമ്പത്തിക പിന്തുണയും ലഭ്യമാക്കുന്നതോടെ, കർഷകർക്ക് തൊഴിൽ സുരക്ഷയും മെച്ചപ്പെട്ട ജീവിത നിലവാരവും സാധ്യമാകുന്നു.

ആധുനിക അഗ്രി-ലോജിസ്റ്റിക് ഹബ്ബുകൾ, കോൾഡ് സ്റ്റോറേജുകൾ, പ്രോസസ്സിംഗ് യൂണിറ്റുകൾ, ഫുഡ് പാർക്കുകൾ എന്നിവ സ്ഥാപിച്ച് ഉൽപ്പാദനവും വിപണന ശൃംഖലയും മെച്ചപ്പെടുത്തും. കർഷക സംഘടനകൾക്കും MSME-കൾക്കും അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾക്കും പരിശീലന കേന്ദ്രങ്ങളും ഇൻക്യൂബേഷൻ ഹബ്ബുകളും സജ്ജമാക്കി, നവീന സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

**(ബി)** രാജ്യത്താദ്യമായി കാർബൺ ന്യൂട്രൽ കൃഷി എന്ന ആശയം നടപ്പിലാക്കുകയും ആലുവ വിത്തുല്പാദന ഫാം ഉൾപ്പെടെയുള്ളവയെ കാർബൺ ന്യൂട്രൽ ആക്കി മാറ്റുകയും ചെയ്തത് പരിസ്ഥിതി സൗഹൃദ കൃഷിയിൽ എന്ത് മാറ്റമാണ് വരുത്തിയതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

ആലുവ വിത്തുല്പാദന ഫാം ഉൾപ്പെടെയുള്ള സർക്കാർ ഫാമുകളിൽ കാർബൺ ന്യൂട്രൽ കൃഷി നടപ്പാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന കൃഷി രീതികൾ അവലംബിച്ചു വരുന്നു.

സംയോജിത കൃഷി രീതികളും ജീവാണുവളങ്ങളും ജൈവവളർച്ചാത്വരകങ്ങളും ജൈവിക രോഗകീട നിയന്ത്രണ മാർഗ്ഗങ്ങളുമാണ് കാർബൺ ന്യൂട്രൽ കൃഷി രീതിയിൽ പിന്തുടർന്നു വരുന്നത്. പുളിപ്പിച്ചു തയ്യാറാക്കുന്ന പഞ്ചഗവ്യം, കുണപജല എന്നിവ വിളകൾക്ക് പത്രപോഷണത്തിലൂടെ നൽകുന്നതിലൂടെ താരതമ്യേന കുറഞ്ഞ അളവ് ചാണകം മാത്രമേ ആവശ്യമായി വരുന്നുള്ളൂ എന്നതിനാൽ ചാണകത്തിൽ നിന്നും ബഹിർഗ്ഗമിക്കുന്ന മീഥേൻ എന്ന ഹരിതഗൃഹ വാതകത്തിന്റെ പ്രഭാവം ഉണ്ടാകുന്നില്ല. മെച്ചപ്പെട്ട കാർബൺ സംശ്ലേഷണശേഷിയുള്ള C4 സസ്യങ്ങളായ ചോളം, സൊർഗം, റാഗി തുടങ്ങിയ വിളകൾ കൃഷിയിടത്തിൽ ഉൾപ്പെടുത്തുകയും രണ്ടു സീസൺ നെൽക്കൃഷിക്ക് ശേഷം വിതപ്പയർ കൃഷി ചെയ്യുകയും ചെയ്യുന്നു. കാർബൺ ആഗിരണത്തിനായി വിവിധ ഇനം മാവുകൾ, പ്ലാവുകൾ, മാങ്കോസ്റ്റീൻ, ലിച്ചി, അബിയു, റംബൂട്ടാൻ, പേര, സപ്പോട്ട, ചാമ്പ, കുടംപുളി, ലൂവി, പാഷൻഫ്രൂട്ട്, സ്വീറ്റ് സന്തോൽ, ഡ്രാഗൺ ഫ്രൂട്ട് എന്നിവയുടെ തൈകൾ വച്ചു പിടിപ്പിക്കുന്നു. ജൈവാവശിഷ്ടങ്ങൾ കത്തിക്കുന്നത് പരമാവധി ഒഴിവാക്കുകയും എല്ലാ ജൈവാവശിഷ്ടങ്ങളും കമ്പോസ്റ്റ് ചെയ്ത് ജൈവ പുനഃചംക്രമണം ഉറപ്പാക്കുകയും ചെയ്യുന്നു. മണ്ണിൽ എപ്പോഴും ജൈവാവരണം ഉറപ്പാക്കുന്നു.

സർക്കാർ ഫാമുകളെ കാർബൺ ന്യൂട്രൽ പദവിയിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ആലുവ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തെ കൂടാതെ മറ്റ് 13 ഫാമുകളെ കൂടി 2023-24 ൽ തെരഞ്ഞെടുക്കുകയും അവിടെ കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്കായി Integrated Farming System Research Station (IFSRS), കരമന, Centre for Water Resource Development & Management (CWRDM) കോഴിക്കോട്, College of Climate Change & Environmental Science (CCC&ES), തൃശ്ശൂർ എന്നീ സ്ഥാപനങ്ങളുമായി ധാരണപത്രം ഒപ്പിടുകയും ചെയ്തു . 2025-26-ൽ CWRDM കോഴിക്കോട് മുഖേന 6 ഫാമുകളിൽ കാർബൺ ന്യൂട്രൽ പഠനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. IFSRS കരമന മുഖേനെ 2 ഫാമുകളിലും, CCC &ES പഠനം നടത്തുന്ന 5 ഫാമുകളിലും പഠന റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്.

പുതുതായി തിരഞ്ഞെടുത്ത ജില്ലാ കൃഷിത്തോട്ടം നേരിയമംഗലത്തിലും ഓറഞ്ച് & വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയിലും ഈ വർഷം കാർബൺ ന്യൂട്രൽ പഠനത്തിനായുള്ള പ്രാരംഭപ്രവർത്തനങ്ങൾ CWRDM കോഴിക്കോട്, CCC&ES തൃശ്ശൂർ എന്നീ ഏജൻസികൾ മുഖേന ആരംഭിച്ചിട്ടുണ്ട്.

**(സി)** സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനായി മുൻ സർക്കാർ രൂപീകരിച്ച 'ജൈവകാർഷിക മിഷന്റെ' പ്രധാന പ്രവർത്തനങ്ങളും നേട്ടങ്ങളും വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിലെ കർഷകരിലും പൊതുജനങ്ങളിലും ജൈവ കാർഷിക ഉത്പ്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൌഹൃദം

എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ ഉത്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉത്പ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ നടത്തുന്നതിലൂടെ കാർഷിക വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുമായി ജൈവ കാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

ജൈവ ഉത്പ്പന്നങ്ങളുടെ ഉത്പാദനത്തിൽ അനുവർത്തിക്കേണ്ട ഗുണമേന്മകളെക്കുറിച്ച് കർഷകരെ ബോധവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ , ജൈവ ഉത്പ്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനുള്ള വിപണി ഇടപെടലുകൾ, ജൈവ ഉത്പ്പന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ പിന്തുണ, ഉത്പ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള പിന്തുണ തുടങ്ങിയവ ജൈവ കാർഷിക മിഷന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

ജൈവ കാർഷിക മിഷന്റെ ആദ്യ ഘട്ടത്തിൽ ജൈവ കൃഷിത്തോട്ട മാതൃകകൾ സൃഷ്ടിക്കുകയും തുടർന്ന് ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ ജൈവ കൃഷി വ്യാപിപ്പിച്ചു കൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

ജൈവ കാർഷിക മിഷന്റെ ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി മിഷനു കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

**i.ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി**

ജൈവ തോട്ടങ്ങൾക്ക് National Programme for Organic Production (NPOP) സർട്ടിഫിക്കേഷൻ, ഉത്തമ കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്യാൻ താത്പര്യമുള്ള കർഷകർക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പരിശീലനം ഉത്പാദനോപാധികളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയ്ക്ക് കീഴിൽ സംഘടപ്പിച്ചു വരുന്നു. 2025-26 വർഷത്തിൽ 650 ഫാമുകളിലായി 341.02623 ഹെക്ടർ കൃഷിയിടത്തിൽ NPOP സർട്ടിഫിക്കറ്റ് നൽകുവാൻ സാധിച്ചു. ഇതിനു വേണ്ടി അംഗീകൃത ഏജൻസികൾ മുഖേന 650 യൂണിറ്റുകൾ ലക്ഷ്യമിട്ടതിൽ 610 യൂണിറ്റുകൾക്ക് സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. . ഉത്തമ കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്യാൻ താത്പര്യമുള്ള കർഷകരെ/കൃഷി കൂട്ടായ്മകളെ ക്ലസ്റ്ററുകളാക്കി പരിശീലന പരിപാടികൾ, ഉത്പാദനോപാധികളുടെ സംഭരണം, സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ, പോഷക പരിപാലന രീതികൾ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. 998 ക്ലസ്റ്ററുകൾ ലക്ഷ്യമിട്ടതിൽ 794 എണ്ണം രൂപീകരിച്ചിട്ടുണ്ട്.

**ii. ഭാരതീയ പ്രകൃതിക കൃഷി പദ്ധതി (BPKP)**

സംസ്ഥാനത്ത് 14 ജില്ലകളിലായി 82000 ഹെക്ടർ വിസ്തൃതിയിൽ 164 ക്ലസ്റ്ററുകളിലായി പദ്ധതി നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി കർഷകർക്ക് എക്സ്പോഷർ വിസിറ്റ് , കപ്പാസിറ്റി ബിൽഡിംഗ് , പരിശീലനം , കിസാൻമേള പോലുള്ള ജൈവ കൃഷി പ്രോത്സാഹന പരിപാടികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനു വേണ്ടി മോഡൽ പ്ലോട്ടുകളും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉത്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള

പ്ലോട്ടുകളും പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിലെ ഗ്രൂപ്പുകൾക്ക് കീടനാശിനി വിഷാംശ അവശിഷ്ട പരിശോധന നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൂന്നാം വർഷം കർഷകർക്ക് അവരുടെ ജൈവ ഉത്പ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വേണ്ടി ജൈവ കർഷകർ അംഗങ്ങളായ ഗ്രൂപ്പുകൾക്ക് PGS India Organic സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2025-26 സാമ്പത്തിക വർഷം 51145.18 ഹെക്ടറിലെ 157365 കർഷകർ അംഗങ്ങളായ 2655 ഗ്രൂപ്പുകൾക്ക് PGS ഗ്രീൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

**iii. കേരള മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപ മിഷൻ (KMRNF) – നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ്-ന്റെ ഭാഗമായി കേരള മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപ മിഷൻ (KMRNF) കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 14 ജില്ലകളിലായി 50 ഹെക്ടർ വീതം വിസ്തൃതിയുള്ള 102 ക്ലസ്റ്ററുകളിലായി ആകെ 5100 ഹെക്ടർ വിസ്തൃതിയിൽ പ്രകൃതി കൃഷി നടപ്പാക്കി വരുന്നു. കൂടാതെ പ്രകൃതി കൃഷിയ്ക്കായുള്ള ഉത്പാദനോപാധികൾ നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട BRC (Bi0-input Research Centre) –കൾക്ക് അധിക ധനസഹായം നൽകുന്നതിനും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് 2026-27 സാമ്പത്തിക വർഷത്തിൽ 27 പുതിയ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും 3375 പുതിയ കൃഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അധികമായി 1350 ഹെക്ടർ വിസ്തൃതിയിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനും 54 Community Resource Persons (CRP) – നെ നിയോഗിക്കുന്നതിനും ആവശ്യാനുസൃതമായി 8 ബയോ-ഇൻപുട്ട് റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

ജൈവ കാർഷിക മിഷനിലൂടെ കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- രാസവള രാസകീടനാശിനി ആശ്രിത കൃഷിയിൽ നിന്നും പരിസ്ഥിതി സൌഹൃദ കൃഷിയിലേയ്ക്കുള്ള മാറ്റം കൈവരിക്കുകയും രാസവിഷാംശ അവശിഷ്ട പരിശോധന, സർട്ടിഫിക്കേഷൻ സംവിധാനം എന്നിവ വഴി ഉപഭോക്താക്കൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്.

- ജൈവവളങ്ങൾ, പച്ചിലവളങ്ങൾ, മണ്ണിര കംപോസ്റ്റ്, ബയോ ഇൻപുട്ടുകൾ എന്നിവയുടെ വ്യാപക ഉപയോഗം മണ്ണിന്റെ ജൈവകാർബൺ അളവ് വർദ്ധിപ്പിക്കുകയും ജലസംരക്ഷണത്തിന് സഹായകമാകു കയും ചെയ്തിട്ടുണ്ട്.

- പരമ്പരാഗത വിളകൾ, നാടൻ വിത്തുകൾ, മിശ്രിത കൃഷി രീതികൾ എന്നിവ പ്രോത്സാഹിപ്പിച്ചതിലൂടെ കാർഷിക ജൈവ വൈവിദ്ധ്യം സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

- എക്സ്പോഷർ വിസിറ്റുകൾ, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, കിസാൻമേളകൾ, മാതൃക കൃഷിത്തോട്ടങ്ങൾ എന്നിവ വഴി കർഷകർക്ക് ആധുനിക ജൈവ/പ്രകൃതി കൃഷി അറിവുകളും പ്രായോഗിക നൈപുണ്യങ്ങളും നൽകുവാൻ സാധിച്ചിട്ടുണ്ട്.

· ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള സമീപനം കർഷക കൂട്ടായ്മകൾ രൂപപ്പെടുന്നതിനും പരസ്പര സഹകരമത്തിലുള്ള ഉത്പാദനം, സംസ്കരണം, വിപണനം എന്നിവ ശക്തിപ്പെടുത്തുന്നതിനും സഹായകരമായിട്ടുണ്ട്.

· BRC-കൾ, മണ്ണിര കംപോസ്റ്റ് യൂണിറ്റുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചതിലൂടെ ജൈവ ഉത്പാദനോപാ ധികളുടെ പ്രദേശിക ലഭ്യത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ കാർഷിക ഉത്പ്പന്നങ്ങൾ സർട്ടിഫിക്കേഷന് ശേഷം കേരളഗ്രോ ഗ്രീൻ, കേരളഗ്രോ ഓർഗാനിക് എന്നീ ബ്രാൻഡുകളിൽ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ വിപണനം ആരംഭിച്ചിട്ടുണ്ട്.

**(ഡി)** ഉത്തമ കാർഷിക മുറകൾ അവലംബിച്ചുകൊണ്ട് നിലവിൽ 31,305 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കാൻ സാധിച്ചത്' ഭരണപരമായ ഏകോപനത്തിന്റെ വിജയമാണോ എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP), കേരള മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപമിഷൻ (KMRNF)- നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) തുടങ്ങിയ പദ്ധതികളുടെ ഏകോപിതമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് ജൈവ/പ്രകൃതി കൃഷി ഗണ്യമായി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കൃഷി ഭവനുകൾ, കാർഷിക സർവകലാശാല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർട്ടിഫിക്കേഷൻ ഏജൻസികൾ, കർഷക കൂട്ടായ്മകൾ, ജൈവ/പ്രകൃതി കൃഷി പ്രോത്സാഹന സംവിധാനങ്ങൾ എന്നിവയുടെ സംയോജിത പ്രവർത്തനത്തിലൂടെ കർഷകർക്ക് പരിശീലന പരിപാടികൾ, സർട്ടിഫിക്കേഷൻ, സാങ്കേതിക മാർഗ്ഗ നിർദേശം, ജൈവ ഉത്പാദന ഉപാധികൾ, വിപണന പിന്തുണ എന്നിവ ഫലപ്രദമായി ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി സുരക്ഷിത ഭക്ഷ്യോത്പാദനം, പരിസ്ഥിതി സൌഹൃദ കൃഷി കർഷകരുടെ വരുമാന വർദ്ധനവ് എന്നിവ ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**